Page 1 of 2

## ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വിവിധ പദ്ധതികളിൽ നിർമ്മിച്ചുവരുന്ന വീടുകൾ

236 (6687) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്ന വീടുകൾ എത്രയെണ്ണമുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണം എപ്പോഴാണ് ആരംഭിച്ചത് ; പൂർത്തിയാക്കേണ്ടത് എപ്പോഴായിരുന്നു ; നിർമ്മാണ ഏജൻസികൾ ആരെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മുൻകാലത്ത് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുകയും ഇനിയും പൂർത്തിയാകാത്തതുമായ വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി വീട് നിർമ്മാണം പൂർത്തിയാക്കാതിരിക്കുകയോ, കാലതാമസം വരുത്തുകയോ ചെയ്യുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഇ) നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും ; പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ?

### ഉത്തരം

(എ) ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക്വേണ്ടി വിവിധ പദ്ധതികളിൽപ്പെടുത്തി ആകെ 1195 വീടുകൾ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 1000 വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ട് ഉപയോഗിച്ചാണ് വിവിധ സ്കീമുകളിലുൾപ്പെട്ട ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. അതേ സാമ്പത്തികവർഷംതന്നെ വീടുകൾ വാസയോഗ്യമാംവിധം പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികളിലെല്ലാം ഗുണഭോക്താക്കൾ നേരിട്ടാണ് നിർമ്മാണം നടത്തുന്നത്. എന്നാൽ ചില പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തിയും, ഗുണഭോക്താക്കൾക്ക് നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ അംഗീകൃത ഏജൻസികളായ നിർമ്മിതി കേന്ദ്രം, കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നിവ മുഖാന്തിരം ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ വിവിധ സ്കീമുകളിൽ അനുവദിക്കപ്പെട്ടതും പണികൾ പൂർത്തീകരിച്ചു വരുന്നതുമായ ഭവനനിർമ്മാണത്തിന്റെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) അതീവ ദുർഘട പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ തലച്ചുമടായി കെട്ടിട നിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിനുള്ള ഭാരിച്ച ചെലവ്, വിദഗ്ധരായ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ അഭാവം മുതലായ കാരണങ്ങളാൽ വിവിധ സ്കീമുകളിൽ അനുവദിച്ച വീടുകളുടെ നിർമ്മാണം യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഇ) നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഓഫീസർമാർക്കു നൽകുകയും ആയതിന് ആവശ്യമായ തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ സ്കൂളുകളുടെ വിജയശതമാനം

237 (6688) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിനുകീഴിൽ എത്ര റസിഡൻഷ്യൽ ഹൈസ്കൂളുകളും, ഹയർസെക്കന്ററി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്;

(ബി) ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിൽ 2013-14 അധ്യയന വർഷത്തെ വിജയശതമാനം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രാക്തന ഗോത്രവിഭാഗക്കാരുടെ കുട്ടികൾക്കായുള്ള സ്കൂളുകളിലെ വിജയ ശതമാനം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കാമോ;

(ഡി) റസിഡൻഷ്യൽ സ്കൂളുകളിലെ വിജയം മികവുറ്റതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ 9 എണ്ണം ഹയർ സെക്കന്ററി സ്കൂളുകളാണ്.

(ബി) 2013-14 അധ്യയന വർഷത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എസ്.എസ്.എൽ.സി വിജയശതമാനം 97.93%-ഉം ഹയർസെക്കന്ററി പരീക്ഷയിലെ വിജയശതമാനം 85.67-ഉം ആണ്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly